## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4485** — **20.10.2011 ൽ മറുപടിയ്ക്ക്**

### എല്ലാ ഗ്രാമങ്ങളിലും നൂറു ശതമാനം ബാങ്കിംഗ് സേവനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നൂറു ശതമാനം ബാങ്കിംഗ് സേവനം എല്ലാ ഗ്രാമങ്ങളിലും ലഭ്യമാക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തുകയുണ്ടായോ; വിശദമാക്കുമോ; | (എ) നൂറു ശതമാനം ബാങ്കിംഗ് സേവനം കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ലഭ്യമാക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം കേരളാ മുഖ്യമന്ത്രി 2011 സെപ്റ്റംബർ 30-ന് തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായി. ഇതോടെ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഏതെങ്കിലും തരത്തിലുള്ള ബാങ്കിംഗ് സേവനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ബാങ്ക് ശാഖകൾ, ബിസിനസ്സ് കറസ്പോണ്ടൻസ്, മൊബൈൽ വെഹിക്കിൾ ബാങ്കിംഗ്, കിയോസ്ക്കുകൾ, ബയോമെട്രിക് എ.ടി.എം. കൾ മുതലായ സേവനങ്ങളാണ് ഇപ്രകാരം ലഭ്യമാക്കിയിട്ടുള്ളത്. |

(തുടർച്ച)

| | |
|---|---|
| (ബി) ഔദ്യോഗിക പ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിൽ സംസ്ഥാനത്തി നുവേണ്ടി ആവശ്യങ്ങൾ ഉന്നയിക്കു കയുണ്ടായോ;<br><br>(സി) ഏതെല്ലാം ആവശ്യങ്ങളാണ് സംസ്ഥാനം ഉന്നയിച്ചതെന്ന് വിശദമാക്കുമോ? | (ബി) & (സി) സംസ്ഥാനത്തിനു വേണ്ടി ബാങ്കുകൾ താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെടുകയുണ്ടായി:<br><br>(1) സംസ്ഥാന സർക്കാർ ഒരു വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാലിന്യ മുക്ത കേരളം പദ്ധതിക്ക് ബാങ്കുകൾ സാമ്പത്തിക സഹായം നൽകണം.<br><br>(2) അർഹരായ വിദ്യാർത്ഥിക ൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ ശ്രദ്ധിക്കുകയും വേണ്ട നടപടികൾ കൈക്കൊ ള്ളുകയും ചെയ്യണം.<br><br>(3) തോട്ടം മേഖലയടക്കം കാർഷിക മേഖലയ്ക്ക് ബാങ്കു കൾ നൽകുന്ന (മൊത്തം വായ്പയുടെ 22 ശതമാനം) വായ്പ പര്യാപ്തമല്ലാത്തതി നാൽ ഈ മേഖലയിൽ കൂടുതൽ തുക ചിലവഴിക്കാൻ ബാങ്കുകൾ ശ്രദ്ധിക്കണം.<br><br>(4) വിനോദസഞ്ചാരം, ആരോഗ്യ മേഖല എന്നിവയുടെ വളർച്ചക്ക് ബാങ്കുകൾ ആവശ്യമായ സഹായം നൽകണം. |

സെക്ഷൻ ഓഫീസർ